LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ലയിലെ മൂഴുവല്ലൂരിൽ പുതിയ ഹോമിയോ ഡിസ്പെൻസറികൾ

159 (824) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മലപ്പുറം ജില്ലയിലെ മൂഴുവല്ലൂരിൽ ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഇത് സംബന്ധമായി നൽകിയ അപേക്ഷയിന്മേൽ ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പിലുള്ള 10772/പി2/2014/ആ.കു.വ. ഫയലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) പുതുതായി ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) മലപ്പുറം ജില്ലയിലെ മൂഴുവല്ലൂരിൽ ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിനുള്ള റിപ്പോർട്ട് ഹോമിയോപ്പതി ഡയറക്ടറിൽനിന്നും ലഭിച്ചിട്ടില്ല.

(സി) മൂഴുവല്ലൂർ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ 26-6-2014-ലെ 10772/പി2/2014/ആ.കു.വ. നമ്പർ കത്ത് പ്രകാരം ഹോമിയോപ്പതി ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമായിട്ടില്ല.

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഹോമിയോ ഡിസ്പെൻസറികൾ/ ആശുപത്രികൾ

160 (825) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഹോമിയോ ഡിസ്പെൻസറികൾ/ ആശുപത്രികളുടെ പദവി ഉയർത്തണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) നിവേദനങ്ങൾ പരിഗണിച്ച് ഇവയുടെ പദവി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഹോമിയോ ഡിസ്പെൻസറികളുടെ പദവി ഉയർത്തണമെന്നാവശ്യപ്പെട്ട് നിവേദനങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

തിരുവനന്തപുരം സർക്കാർ ഹോമിയോ മെഡിക്കൽ കോളേജിന്റെ വികസനം

161 (826) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സർക്കാർ ഹോമിയോ മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ (പ്ലാൻ/നോൺപ്ലാൻ) ഇനത്തിൽ എത്ര തുകയാണ് അനുവദിച്ചത് ;

(ബി) അതിൽ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം സർക്കാർ ഹോമിയോ മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി 2014-15-ൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു :

പ്ലാൻ ഇനത്തിൽ റവന്യൂ ഹെഡിൽ 75.00 ലക്ഷം രൂപയും ക്യാപ്പിറ്റൽ ഹെഡിൽ 200.00 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 7,24,75,000 രൂപയും അനുവദിച്ചു.

(ബി) പ്ലാൻ ഇനത്തിൽ റവന്യൂ ഹെഡിൽ 47.07 ലക്ഷം രൂപയും ക്യാപ്പിറ്റൽ ഹെഡിൽ അനുവദിച്ച 200.00 ലക്ഷം രൂപയും ചെലവഴിച്ചു. നോൺപ്ലാൻ ഇനത്തിൽ 4,26,74,192 രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly